മാവൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ശുദ്ധീകരണ പ്രക്രിയ

56 [1849] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ പഞ്ചായത്തിലെ മാവൂരിലുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ ശുദ്ധീകരണ പ്രക്രിയ മെച്ചപ്പെടുത്തണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സർക്കാർ സ്വീകരിക്കുന്ന നടപടി വിശദീകരിക്കാമോ;

(സി) ഈ പദ്ധയിയുടെ ഒരു ഷിഫ്റ്റിൽ ഉള്ള പമ്പിംഗ്, മുഴുവൻ സമയ പമ്പിംഗ് ആക്കി മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് എന്നുമുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിയുടെ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) എങ്കിൽ ഈ പ്രവൃത്തി എന്നുമുതൽ തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പുതിയ പമ്പ്സെറ്റ് സ്ഥാപിക്കൽ, പമ്പ് ഹൗസ് പുതുക്കി പണിയൽ, സ്രോതസ്സിന്റെ ഫിൽറ്ററേഷൻ സംവിധാനം പുനരുദ്ധീകരിക്കുന്ന പ്രവൃത്തി മുതലായവ പി.എം.ജി.വൈ.-യിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള രണ്ട് ഷിഫ്റ്റ് പമ്പിംഗ് വേനൽക്കാലത്ത് ഉപയോഗം വർദ്ധിപ്പിക്കുമ്പോൾ ആവശ്യാനുസരണം താൽക്കാലികമായി അധിക ഷിഫ്റ്റ് ഏർപ്പെടുത്താറുണ്ട്. സ്ഥിരമായി മൂന്ന് ഷിഫ്റ്റ് പമ്പിംഗ് ആവശ്യമില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇപ്പോഴത്തെ അവസ്ഥയിൽ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly